# റമദാനിന്റെ ബുത്ഹാൻ താഴ്‌വര

കബീർ എം. പറളി

മുസ്‌ലിം ഉമ്മത്തിന് എന്നും അന്തസ്സും ആഭിജാത്യവുമേകി നിലകൊള്ളുന്ന വിശുദ്ധ ഖുർആൻ, ഇന്ന് അതിന്റെ അവതീർണ്ണ മാസത്തിലാണുള്ളത്. വിശ്വാസികളുടെ ഹൃദയം ഖുർആനിനോട് കൂടുതൽ ഒട്ടി നിൽക്കുന്ന മാസമാണിത്. അതിനെ വായിക്കാനും, വരികളിലൂടെ ചിന്തിക്കാനും, അതിന്റെ മുന്നിൽ സ്വന്തം ജീവിതത്തെ തുറന്നുവെച്ച് കണക്കു നോക്കാനും സകലരും ധൃതിയിലാണ്. ഈറനണിയുന്ന കണ്ണുകളും, വിറക്കുന്ന ചുണ്ടുകളും, തപിക്കുന്ന ഹൃദയങ്ങളും ഈ മാസത്തിന്റെ അനിതരമായ പ്രത്യേകതയാണ്. ഖുർആനിന്റെ മാസ്മരികതയാണിത്.

''അല്ലാഹുവാണ് ഏറ്റവും ഉത്തമമായ വർത്തമാനം അവതരിപ്പിച്ചിരിക്കുന്നത്. അഥവാ വചനങ്ങൾക്ക് പരസ്പരം സാമ്യമുള്ളതും ആവർത്തിക്കപ്പെടുന്ന വചനങ്ങളു ള്ളതുമായ ഒരു ഗ്രന്ഥം. തങ്ങളുടെ രക്ഷിതാവിനെ ഭയപ്പെടുന്നവരുടെ ചർമ്മങ്ങൾ അതു നിമിത്തം രോമാഞ്ചമണിയുന്നു. പിന്നീട് അവരുടെ ചർമ്മങ്ങളും ഹൃദയങ്ങളും അല്ലാഹുവെ സ്മരിക്കുന്നതിനായി വിനീതമാവുകയും ചെയ്യുന്നു. അതത്രെ അല്ലാഹുവിന്റെ മാർഗദർശനം. അതുമുഖേന താൻ ഉദ്ദേശിക്കുന്നവരെ അവൻ നേർവഴിയിലാക്കുന്നു.'' (സുമർ: 23)

ഈ ആയത്തിനെ വിശദീകരിക്കവെ, ഇമാം ഇബ്നു കഥീർ എഴുതി: ''മഹോന്നതനും പ്രതാപവാനുമായ അല്ലാഹുവിന്റെ വചനങ്ങൾ ഓതിക്കേൾക്കുമ്പോൾ പുണ്യാത്മാക്കളിലു ണ്ടാകുന്ന വികാരമാണിത്. അതിലടങ്ങിയ താക്കീതുകളും, ഭീഷണികളും, ശാസനകളും ഹൃദയം കൊണ്ടറിയുമ്പോൾ ഭയത്താൽ അവരുടെ ചർമ്മങ്ങൾ ചൂളിപ്പോവുകയാണ്. ഒപ്പം അല്ലാഹുവിന്റെ കാരുണ്യവും ദയയും പ്രതീക്ഷിച്ചു കൊണ്ട് അവരുടെ ചർമ്മങ്ങളും ഹൃദയങ്ങളും അവനെ സ്മരിക്കുന്നതിനായി വിനീതമാവുകയാണ്.''

ജീവിതത്തിന് പാതയും പാഥേയവുമേകുന്ന, ലക്ഷ്യവും വെളിച്ചവും നൽകുന്ന ഖുർആ നിന്റെ ചാരത്ത് ഈ വിശുദ്ധ റമദാനിൽ വിശ്വാസീ ലോകം ആത്മശാന്തിയും അനുഭൂതിയും അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അടുക്കുന്തോറും ഖുർആനിലൂടെ വിശ്വാസിക്ക് ലഭിക്കുന്നത് അങ്കലാപ്പില്ലാത്ത ജീവിതമാണ്. അല്ലാഹു പറഞ്ഞതാണ് സത്യം:

''സത്യവിശ്വാസികൾക്ക് ശമനവും കാരുണ്യവുമായിട്ടുള്ളത് ഖുർആനിലൂടെ നാം അവതരി പ്പിച്ചുകൊണ്ടിരിക്കുന്നു.'' (ഇസ്റാഅ്: 82)

ഇരുളില്ലാത്ത ജീവിതവും, ജാഗ്രത്തായ കാൽവെപ്പുകളും, പ്രതീക്ഷയോടെയുള്ള കർമ്മ ങ്ങളും, ഐഹികവും പാരത്രികവുമായ ജീവിതത്തിലെ വിജയങ്ങൾക്കുതകുന്ന അമലു സ്സ്വാലിഹാത്തുകളും ഖുർആനിൽ നിന്നല്ലാതെ ലഭിക്കുക സാധ്യമല്ല. ഏറ്റവും ചൊവ്വായ വഴിയിലേക്കാണ് ഖുർആൻ മനുഷ്യനെ നയിക്കുന്നത്. നിരാശയും നിഷ്ക്രിയത്വവുമല്ല, പ്രത്യാശയും പ്രവർത്തന നൈരന്തര്യവുമാണ് അതിന്റെ സംഭാവന. അല്ലാഹു പറയുന്നത് വായിക്കുക:

''തീർച്ചയായും ഈ ഖുർആൻ ഏറ്റവും ശരിയായതിലേക്ക് വഴി കാണിക്കുകയും, സൽകർമ്മങ്ങൾ പ്രവർത്തിക്കുന്ന സത്യവിശ്വാസികൾക്ക് വലിയ പ്രതിഫലമുണ്ട് എന്ന സന്തോഷവാർത്ത അറിയിക്കുകയും ചെയ്യുന്നു.'' (ഇസ്റാഅ്: 9)

അതെ, മനുഷ്യ ജീവിതത്തിലെ എല്ലാ നല്ല ദിശയിലേക്കും ഖുർആൻ വഴികാണിക്കുന്നുണ്ട്. വൈയക്തികമോ, സാമൂഹികമോ, സദാചാരപരമൊ, ഭരണപരമൊ ആയ എല്ലാ സംഗതികളി ലേക്കുമുള്ള ഖുർആനിന്റെ വിരൽ ചൂണ്ടൽ അനന്യമാണ്. എല്ലാറ്റിലുമപരി, ഹൃദയഗന്ധി യാണ് ഖുർആൻ. ആത്മാവിനോട് സദാ സംവദിക്കുന്ന ജീവസ്സുറ്റ ഗ്രന്ഥം. കാലാതിവർത്തി യായി നിലകൊള്ളുന്ന ഈ ഗ്രന്ഥത്തിന്റെ സംരക്ഷണം അല്ലാഹുവിങ്കലാണ്. അവസാനനാൾ വരെയുള്ള മാനവരാശിക്ക് ന്യായപ്രമാണമായും വ്യക്തമായ പ്രകാശ മായും (നിസാഅ്: 174) നിലകൊള്ളേണ്ട ഒരു ഗ്രന്ഥം ന്യൂനതകളിൽ നിന്ന് പരിരക്ഷി ക്കപ്പെടേണ്ടത് അനിവാര്യമാകുക സ്വാഭാവികം. അതു കൊണ്ടു തന്നെ അല്ലാഹു പറഞ്ഞു:

‘‘തീർച്ചയായും നാമാണ് ആ ഉൽബോധനം അവതരിപ്പിച്ചത്. തീർച്ചയായും നാം അതിനെ കാത്തുസൂക്ഷിക്കുന്നതുമാണ്.’’ (ഹിജ്ർ: 9)

ഖുർആൻ ശരീരത്തിലെ ആത്മാവാണ്. അത് നഷ്ടപ്പെട്ടാൽ പിന്നെയാ ശരീരം മൃതമായി. ചലനശേഷിയില്ലാത്ത വെറുമൊരു സാധനം. ദിവസങ്ങൾ പിന്നിട്ടാൽ പിന്നെയതിൽ നിന്നും ദുർഗന്ധമേ പുറത്തുവരൂ. ഖുർആനിക വചനങ്ങൾ ഊരിമാറ്റപ്പെട്ട ഹൃദയങ്ങൾ, പ്രവാചക തിരുമേനി(സ്വ)യിൽ നിന്ന് ഹുദൈഫ(റ) പ്രസ്താവിച്ചതുപോലെ, ‘കളങ്കങ്ങളേറ്റു കറുത്തു പോയ, നന്മയെ നന്മയായും, തിന്മയെ തിന്മയായും തിരിച്ചറിയാനുള്ള ശേഷി നഷ്ടപ്പെട്ട’ അവസ്ഥയിലായിരിക്കും. പരലോകത്തിലും സ്വർഗ നരകങ്ങളിലും വിശ്വാസമില്ലാത്ത അത്തരം ആളുകളെപ്പറ്റി അല്ലാഹു പറഞ്ഞു:

നീ ഖുർആൻ പാരായണം ചെയ്താൽ നിന്റെയും പരലോകത്തിൽ വിശ്വസിക്കാത്ത വരുടെയും ഇടയിൽ ദൃശ്യമല്ലാത്ത ഒരു മറ നാം വെക്കുന്നതാണ്. അവരത് ഗ്രഹിക്കുന്നതിന് (തടസ്സമായി) അവരുടെ ഹൃദയങ്ങളിൻമേൽ നാം മൂടികൾ വെക്കുന്നതും, അവരുടെ കാതുകളിൽ നാം ഒരു തരം ഭാരം വെക്കുന്നതുമാണ്. ഖുർആൻ പാരായണത്തിൽ നിന്റെ രക്ഷിതാവിനെപ്പറ്റി മാത്രം പ്രസ്താവിച്ചാൽ അവർ വിറളിയെടുത്ത് പുറം തിരിഞ്ഞ് പോകുന്നതാണ്. (ഇസ്റാഅ്: 45, 46)

എന്നാൽ വിശ്വാസികളുടേത് അങ്ങിനെയല്ല. അവരുടെ ഹൃദയങ്ങൾ സജീവമായി നിൽക്കുന്നതും, ആരാധനാ കർമ്മങ്ങളിലൂടെ സുഗന്ധം പരക്കുന്നതും, ജീവതത്തിന്റെ മുക്കുമൂലകൾ പ്രകാശം കൊണ്ട് പ്രശോഭിതമാകുന്നതും ഖുർആൻ കൊണ്ടു മാത്രമാണ്. ദൈവ സ്മരണയാൽ വിറകൊള്ളുന്ന ഹൃദയവും, ഖുർആനിക വചനങ്ങൾ കേൾക്കുന്തോറും വർദ്ധിച്ചു കൊണ്ടിരിക്കുന്ന വിശ്വാസവും അല്ലാഹുവിൽ നിന്ന് അവർക്കു മാത്രം ലഭിക്കുന്ന രണ്ടനുഗ്രഹങ്ങളാണ്. അല്ലാഹു പറയുന്നത് കാണുക:

‘‘അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും, അവന്റെ ദൃഷ്ടാന്ത ങ്ങൾ വായിച്ചുകേൾപിക്കപ്പെട്ടാൽ വിശ്വാസം വർദ്ധിക്കുകയും, തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ.’’ (അൻഫാൽ: 2)

ഈ ഖുർആനിനെ നാം സദാ നെഞ്ചേറ്റണം. പ്രവാചകനെയുൾക്കൊണ്ട സച്ചരിത സമൂഹം അങ്ങനെയായിരുന്നു. എന്നും അതിനെ വായിക്കാനും, അതിൽ നിന്ന് കിട്ടുന്ന വെളിച്ച ത്തിൽ ജീവിക്കാനും, അങ്ങനെ ആത്മസംതൃപ്തി നേടാനും അവർക്ക് എന്നും ആവേശമായിരുന്നു. പരലോകത്ത് അല്ലാഹുവിന്റെ മുന്നിൽ തങ്ങൾക്കു വേണ്ടി വിശുദ്ധ ഖുർആൻ ശുപാർശ പറയും എന്ന് പഠിച്ചു വെച്ച ഒരു സമൂഹത്തിൽ അത്തരമൊരാവേശം ഇല്ലായിരുന്നെങ്കിലേ അത്ഭുതമുള്ളൂ.

ഒരിക്കൽ അബൂമൂസൽ അശ്അരിയോട് നബി(സ്വ) പറഞ്ഞു: ‘‘അബൂ മൂസാ, ഇന്നലെ ഞാൻ നിന്റെ ഖുർആൻ പാരായണത്തിന് കാതോർക്കുകയുണ്ടായി. ശ്രുതിമധുരം! നിനക്ക് പ്രവാചകൻ ദാവൂദിന്റെ രാഗശുദ്ധിയാണുള്ളത്!’’ അദ്ദേഹം തിരിച്ചു പറഞ്ഞു: ‘പ്രവാചകരേ, അങ്ങയുടെ സാന്നിധ്യം ഞാനറിഞ്ഞിരുന്നുവെങ്കിൽ, കൂടുതൽ ശ്രുതിമധുരമായി ഞാനതിനെ അങ്ങേക്ക് പാരായണം ചെയ്ത് കേൾപ്പിക്കുമായിരുന്നു.’ സുബ്ഹാനല്ലാഹ്! ഖുർആൻ ഓതിക്കേൾക്കാൻ കൊതിക്കുന്ന പ്രവാചകൻ! ഖുർആനിനെ ഓതിക്കേൾപ്പിക്കാൻ കൊതിക്കുന്ന അനുയായി!

ഇബ്നു മസ്ഊദി(റ)നോടായി ഒരിക്കൽ നബി(സ്വ) പറഞ്ഞു: ‘‘ഇബ്നു മസ്ഊദ്, എനിക്കു നീ ഖുർആനോതിക്കേൾപ്പിക്കുക.’’ ‘റസൂലേ, അങ്ങേക്ക് ഞാൻ ഖുർആനോതിത്തരികയോ! അവിടുത്തേക്കല്ലെ ഖുർആൻ അവതരിക്കുന്നത്?!’ അദ്ദേഹം അതിശയത്തോടെ ചോദിച്ചു. ‘അതെ, എങ്കിലും മറ്റൊരാളിൽ നിന്നും അതിനെ ഓതിക്കേൾക്കാൻ ഞാനാഗ്രഹിക്കുന്നു.’ നബി(സ്വ) പറഞ്ഞു. ഇബ്നു മസ്ഊദ്(റ) പിന്നെ മടിച്ചു നിന്നില്ല. സൂറത്തുന്നിസാഇന്റെ ആദ്യഭാഗം മുതൽ അദ്ദേഹം ഓതാൻ തുടങ്ങി. മഹാനായ പ്രവാചകൻ(സ്വ) മനസ്സുനിറയെ അതാസ്വദിച്ചുകൊണ്ട് അരികിലും. നാൽപത്തി ഒന്ന്, നാൽപത്തി രണ്ട് വചനങ്ങളോതിക്കൊ ണ്ടിരിക്കെ, പ്രവാചകൻ പറഞ്ഞു: ‘മതി ഇബ്നു മസ്ഊദ്, ഇനി മതി.’ അദ്ദേഹം തലയുയർത്തി നോക്കുമ്പോൾ പ്രവാചകന്റെ കപോലങ്ങളിലൂടെ കണ്ണീർകണങ്ങൾ ധാരധാരയായി ചാലിട്ടൊഴുകുന്നു! പ്രവാചകനെ കരയിപ്പിച്ച ആ വചനങ്ങൾ ഏതായിരി ക്കണം? താഴെ വായിക്കുക:

‘‘എന്നാൽ ഓരോ സമുദായത്തിൽ നിന്നും ഓരോ സാക്ഷിയെ നാം കൊണ്ട് വരികയും ഇക്കൂട്ടർക്കെതിരിൽ നിന്നെ നാം സാക്ഷിയായി കൊണ്ട് വരികയും ചെയ്യുമ്പോൾ എന്തായിരിക്കും അവസ്ഥ! അവിശ്വസിക്കുകയും റസൂലിനെ ധിക്കരിക്കുകയും ചെയ്തവർ ആ ദിവസം കൊതിച്ചു പോകും; അവരെ മൂടിക്കൊണ്ട് ഭൂമി നിരപ്പാക്കപ്പെട്ടിരുന്നുവെങ്കിൽ എത്ര നന്നായിരുന്നുവെന്ന്. ഒരു വിവരവും അല്ലാഹുവിൽ നിന്ന് അവർക്ക് ഒളിച്ചു വെക്കാനാവില്ല.’’ (നിസാഅ്: 41, 42)

ഖുർആൻ പ്രവാചക തിരുമേനിയെ കരയിപ്പിക്കുന്നു. സ്വഹാബത്തിനെ കരയിപ്പിക്കുന്നു. സച്ചരിതരായ ഉമ്മത്തിനെ മുഴുവൻ കരയിപ്പിക്കുന്നു. ഹൃദയാന്തരാളങ്ങളിൽ ഖുർആൻ ആന്ദോളനങ്ങൾ സൃഷ്ടിക്കുമ്പോഴാണ് പഞ്ചേന്ദ്രിയങ്ങൾ പ്രകമ്പനം കൊള്ളുക. ദൈവഭയ ത്താൽ കണ്ണുകൾ ഈറനണിയുക. ഈ സംഭവങ്ങൾക്കു മുന്നിൽ നമ്മുടെ ജീവിതത്തെ തുറന്നുവെച്ച് ചിന്തിച്ചു നോക്കുക. ഖുർആനുമായി ബന്ധമുണ്ടൊ നമുക്ക്? ഖുർആനിന്റെ ഗന്ധമുണ്ടൊ നമ്മളിൽ? ഇല്ലെങ്കിൽ, ഈ റമദാൻ നമ്മിൽ തപിക്കുന്ന ഹൃദയങ്ങൾക്കും, ഈറനണിയുന്ന കണ്ണുകൾക്കും ജന്മം നൽകട്ടെ. അല്ലാഹുവിന്റെ വചനങ്ങളോതിക്കേൾ ക്കവെ, നമ്മുടെ വിശ്വാസങ്ങളിൽ വർദ്ധനവുണ്ടാകുന്ന അവസ്ഥയുണ്ടാകട്ടെ.

വിശ്വാസികളിലെ ഉൽകൃഷ്ടൻ ഖുർആൻ പഠിക്കുന്നവനും പഠിപ്പിക്കുന്നവനു മാണെന്ന് പ്രവാചകനരുളിയിട്ടുണ്ട്. ഉസ്മാൻ ബ്ൻ അഫ്ഫാൻ(റ) നിവേദനം ചെയ്ത പ്രസ്തുത ഹദീസ് സ്വഹീഹുൽ ബുഖാരിയിൽ രേഖപ്പെട്ടു കിടക്കുന്നുണ്ട്. ദുനിയാവിൽ നിന്ന് ലഭിക്കുന്ന എന്തിനേക്കാളും വിലയേറിയതാണ് ഖുർആൻ പഠനമെന്ന സത്യം നബി തിരുമേനിയുടെ ഉപമയിലൂടെയുള്ള ഒരു ഉപദേശത്തിൽ കാണാനാകും.

ഉഖ്ബത്ത് ബ്ൻ ആമിർ (റ) നിവേദനം. ഒരിക്കൽ നബി(സ്വ) അഹ്ലുസ്സുഫ്ഫക്കാരായ ഞങ്ങളെ സമീപിച്ചു കൊണ്ട് പറഞ്ഞു: ‘‘അങ്ങകലെയുള്ള ബുത്ഹാൻ, അല്ലെങ്കിൽ അഖീഖ് താഴ്വരയിൽ ചെന്ന് രണ്ട് കൊഴുത്ത ഒട്ടകങ്ങളെ, ഒരു പാപവുമില്ലാതെ, ഒരാളുമായുമുള്ള കുടുംബ ബന്ധവും തകർക്കാതെ, സ്വന്തമാക്കാൻ നിങ്ങളിലാരാണ് ആഗ്രഹിക്കുന്നത്?’’ അവർ പറഞ്ഞു: ‘തീർച്ചയായും ഞങ്ങളെല്ലാവരും അതാഗ്രഹിക്കുന്നു റസൂലേ.’ പ്രാവാച കൻ (സ്വ) പറഞ്ഞു: ‘‘എങ്കിൽ നിങ്ങൾ ഓരോ ദിവസവും പള്ളിയിൽ ചെല്ലുക; അല്ലാഹു വിന്റെ ഖുർആനിൽ നിന്നും രണ്ടായത്ത് ഓതുക അല്ലെങ്കിൽ പഠിച്ചെടുക്കുക. നിശ്ചയം തടിച്ചു കൊഴുത്ത രണ്ടൊട്ടകങ്ങളേക്കാൾ മികച്ചതാണവ. മൂന്ന് ആയത്തുകളാണെങ്കിൽ മൂന്നൊട്ടകങ്ങളേക്കാൾ, നാലായത്തുകളാണെങ്കിൽ നാലൊട്ടകങ്ങളേക്കാൾ, എത്ര ആയത്തുകളാണൊ പാരായണം ചെയ്യുന്നത് അല്ലെങ്കിൽ പഠിച്ചെടുക്കുന്നത് അത്രയും ഒട്ടകങ്ങളേക്കാൾ മെച്ചമായവയാണ് അവ!’’ (മുസ്ലിം)

പള്ളി വരാന്തയിൽ തന്നോടൊപ്പം ഒട്ടി ജീവിച്ച ദരിദ്രരായ ഒരു പറ്റം സ്വഹാബികൾക്ക് നബി(സ്വ) യഥാർഥ സമ്പന്നതയുടെ മാർഗം പറഞ്ഞു കൊടുക്കുകയായിരുന്നു! അവരാ കട്ടെ, അതു കൈക്കലാക്കാൻ മത്സരത്തിലുമായിരുന്നു!

ദുനിയാവിൽ നമുക്ക് കൈവന്ന ഭൗതിക സമ്പാദ്യം മുഴുവനും നഷ്ടപ്പെട്ടാലും, ഫലം തന്നു കൊണ്ടേ നിലനിൽക്കുന്ന ഖുർആൻ പഠനവും പാരായണവും ഇഷ്ടപ്പെടാത്തവർ ആരുണ്ട് നമ്മിൽ? ആരുമുണ്ടാവില്ല. എങ്കിൽ, ഇതാ റമദാനിന്റെ ബുത്ഹാൻ താഴ്വര കൊഴുത്ത ഒട്ടകങ്ങളേക്കാൾ മികച്ച വിഭവങ്ങളാൽ പൂത്തുലഞ്ഞു നിൽക്കുകയാണ്. മത്സരിക്കുക നമ്മൾ